**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2234 **09.03.2018** -ലെ മറുപടിക്ക്

**മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എസ്.സി. കോളനിയിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 18.01.2018-ന് ഉദ്ഘാടനം കഴിഞ്ഞ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പ്രവൃത്തികൾ എത്രയും വേഗം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൊച്ചിൻ ദേവസ്വം ബോർഡ് വകയായതിനാൽ പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിന് ബോർഡ് അധികൃതരോട് അഭ്യർത്ഥിച്ചിട്ടുള്ളതും ദേവസ്വം ബോർഡ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതുമാണ്. സ്ഥലം ഉടൻ കൈമാറ്റം ചെയ്ത് നൽകാമെന്ന് അറിയിച്ചിട്ടുമുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഒരു സ്വകാര്യ വ്യക്തിയിൽ നിന്നുള്ള ഇഷ്ടദാനമാണ്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ